# ഗുരു ഹരോ നമ

പരമശിവനും ഭൂതഗണങ്ങൾ, പാഠശാലയ്ക്കും ഭൂതഗണങ്ങൾ. ഒരിടത്ത് ശിവഭൂതങ്ങൾ, മറുവശത്ത് ഗുരുഭൂതങ്ങൾ. എങ്ങനെയായിരിക്കണം രണ്ടാമത്തെ ഭൂതഗണങ്ങളോട് ഡീൽ ചെയ്യേണ്ടത്. ഈ ചോദ്യം എത്രയോ തലമുറകളിൽ ആരൊക്കെ ചോദിച്ചിട്ടുണ്ടാവും. പാഠവും പഠനവും പാഠശാലയുമൊക്കെ അരങ്ങൊഴിഞ്ഞ ജീവിതമാണെങ്കിൽ കൂടി ഞാൻ മാത്രമാവുമോ ഏതോ മുജ്ജന്മ ശിഷ്ടം പോലെ ഗുരുഭൂതങ്ങളുടെ ഓർമത്തുണ്ടുകളും ചുമന്ന കാലയാപനം നടത്തുന്നത്.

ഏതോ ഒരെഴുത്തുകാരൻ പറഞ്ഞിട്ടുണ്ട് ഗുരു ജീവിതത്തിൽ സംഭവിക്കുകയാണെന്ന്. എൻറെ കാര്യത്തിൽ ഒരു ഗുരുവല്ല, കുറേ ഗുരുക്കൻമാർ വിടാതങ്ങു പിന്നാലേ കൂടിയിരിക്കുകയാണ്. പാഠശാലക്കാലം രണ്ടു തരത്തിലുണ്ട്. ഓർമയുറയ്ക്കുന്നതിനു മുമ്പുള്ള കാലവും ഓർമയുറച്ചു കഴിഞ്ഞുള്ള കാലവും. വളച്ചു കെട്ടില്ലാതെ പറയാം. ബിഎ ക്ക് ചേർന്നതാണ് രണ്ടു ലോകത്തിനുമിടയിലുള്ള അതിര്. പ്രീഡിഗ്രിക്കും ബിഎയ്ക്കും ഇടയിലുള്ള കാലം നോ മാൻസ് ലാൻഡ്. പ്രീഡിഗ്രി തീരുന്നതു വരെ ബുദ്ധിയുറയ്ക്കാത്ത കാലം. അതു കഴിഞ്ഞ് ബുദ്ധിയുറച്ച കാലം. രണ്ടാമത്തെ കാലത്തിൽ നിന്നു പിന്നിലേക്കു നോക്കുമ്പോഴുള്ള പൂർവാശ്രമത്തിൽ ഗുരുക്കൻമാരെക്കുറിച്ചെന്നു ഒന്നിനെക്കുറിച്ചും കാര്യമായി ചിന്തിച്ചിരുന്നതേയില്ല. സ്പൂണിൽ ഫാരക്സ് കലക്കി കിട്ടുന്നതു പോലെ ഇന്നത്തെ ഡോസ് നോട്ടുകൾ കിട്ടിയോ എന്ന ചിന്തയ്ക്കു ചുറ്റിലുമായി കറങ്ങിയിരുന്ന കാലം. ഡിഗ്രി ഒരു മുടിഞ്ഞ വഴിത്തിരിവായിരുന്നു. ഹോസ്റ്റലും സകലകലാ വല്ലഭൻമാരായ ആശാൻമാരുമൊക്കെ കളം നിറഞ്ഞു കളി തുടങ്ങിയ കാലം. മധ്യ തിരുവിതാംകൂറിലെ ഒരു ഗഡാഗഡിയൻ മാനേജ്മെൻറ് കോളജാണ്. ഒട്ടുമിക്ക ഗുരുഭൂതങ്ങളും മാനേജ്മെൻറിൻറെ അടിയുടുപ്പുകൾ വരെ വൃത്തിയായി കഴുകി പശയിട്ട് ഇസ്തിരിയിട്ടു കൊടുക്കുന്നതിൻറെ ബലത്തിൽ പണിക്കു കയറുന്നവരാണ്. ഓഡ് മാൻ ഔട്ട് എന്നു വിളിക്കാവുന്ന വേറെ ചിലരുണ്ട്. വഴിതെറ്റി കൈത്തോട്ടിലെത്തിയ മഹാനദി പോലെയുള്ളവർ. ഇവർ എണ്ണത്തിൽ തീരെ കുറയും. സർവ കസേരയും മന്ദബുദ്ധികൾക്കായി സംവരണം ചെയ്തിരിക്കുന്ന മാനേജ്മെൻറ് ബോർഡ് വഴിപാട് പോലെ നടത്തുന്ന ഇൻറർവ്യൂ എന്ന പൊറാട്ടിൽ സ്വന്തം നട്ടെല്ലു കൊണ്ട് ഇടങ്കോലിട്ട ഏതെങ്കിലും സർക്കാർ പ്രതിനിധിയുടെ കടുംപിടുത്തമായിരിക്കാം ഇങ്ങനെയുള്ള മഹാനദികളെ കൈത്തോട്ടിലെത്തിക്കുന്നത്. ഇങ്ങനെയൊരു മഹാനദിയെത്തിയാൽ രണ്ടിലൊന്നേ സംഭവിക്കൂ. ഒന്നുകിൽ തോടിൻറെ തിട്ടകളെ ഇവർ ഇടിച്ചു തകർക്കും. അല്ലെങ്കിൽ ഇടിച്ചു തകർക്കാനുള്ള പോരാട്ടത്തിൽ സ്വയം ചുരുങ്ങിക്കൂടുകയോ വീരമൃത്യു വരിക്കുകയോ ചെയ്യും. ഇരുകൂട്ടരെയും തിരിച്ചറിയാൻ ഒരു പീരിയഡ് ക്ലാസിലിരുന്നാൽ മാത്രം മതി. ഞങ്ങളുടെ എച്ച്ഓഡി സാർ ഈ രണ്ടു വിഭാഗത്തിലും പെടുന്നതായിരുന്നില്ല. കോളജ് തുടങ്ങിയപ്പോൾ ആളെ തികയാഞ്ഞതുകൊണ്ട് വാധ്യാരായതാവാനാണ് വഴി. അപാര സിനിക്ക്. റിട്ടയർമെൻറിൻറെ വക്കിലെത്തിയപ്പോഴാണ് ഞങ്ങളുടെ കൂടിക്കാഴ്ചയ്ക്ക് കാവ്യനീതി അവസരമൊരുക്കിയതെങ്കിലും ഇരുവരുടെയും തലതിരിവുകൾ തമ്മിൽ ഉരസാനൊരു അവസരം വിവേകപൂർവം ഒഴിവാക്കിത്തന്നു. കസേരയിൽ ഒരു കാലുകൊണ്ട് ചമ്രം പടഞ്ഞെന്നവണ്ണം ഒരുതരം വീരാസനത്തിലായിരിക്കും എച്ച്ഓഡിയുടെ ഇരുപ്പ്. ആരുടെയും മുഖത്തുനോക്കാതെ പക്കാ നെഗറ്റിവിറ്റി പ്രസരിപ്പിച്ചുകൊണ്ട് ഒരു മണിക്കൂർ തള്ളിവിടും. ഗുരുവന്ദനമായി ഒരു കവിതയെഴുതാതെ പറ്റില്ലായിരുന്നു. അതിലെ ഒരു വരിയിങ്ങനെ "ഇരുളിൽ വഴികാട്ടുവാൻ തീവെട്ടി വേണ്ട, ചുണ്ടത്തു ചെറുബീഡി കത്തിക്കാനൊരു തീക്കൊള്ളി പോലും തരില്ലേ.

" വേറെ മൂന്നു ഗുരുഭൂതങ്ങളുണ്ട്. വിഷയവുമായി വല്ലാത്ത പൊരുത്തത്തിലെത്തിയവർ, മറ്റേ വിഷയത്തിൽ അശേഷം താൽപര്യമില്ലാത്തവർ. ഇവർ ക്ലാസിലെത്തിയാൽ അവരുടെ ശബ്ദമല്ലാതെ ഏതെങ്കിലും ശബ്ദം ക്ലാസിലുണ്ടെങ്കിൽ അത് ഇരുപത്തഞ്ച് എംഎ മോഹികൾ ശ്വാസം വിടുന്ന ശബ്ദം മാത്രമായിരിക്കും. ഗുരുഭൂതങ്ങളെ ഇന്ന് ഓർമിക്കാനൊരു നിമിത്തമുണ്ടായി. അതിനെക്കുറിച്ചാണ് ശരിക്കും എഴുതാൻ ആഗ്രഹിച്ചത്. ഒരു സിബിഎസ്സി ഔദ്ധത്യം അടിമുടി മുഴച്ചു നിൽക്കുന്നൊരു ഓപ്പൺ ഹൗസിനു പോകേണ്ടി വന്നു. ഓപ്പൺ ഹൗസ് എന്നതു പുതിയ സിലബസിലെ വാക്കാണെന്നു കരുതിയാൽ മതി. ഓൾഡ് സിലബസിലെ പിടിഎ മീറ്റിംഗ് ഇപ്പോൾ ഇങ്ങനെയൊക്കെ പേരിലാണ്.

മഞ്ഞളുമാറാത്തൊരു പെൺ(ഗുരു)ഭൂതം കസേരയിൽ കുത്തുന്നു. നരകയറിയൊരു രക്ഷകർത്താവ് പാതി നരച്ച പച്ച കുർത്തയുമായി മുന്നിൽ അവതരിക്കുന്നു. അവർ ഉവാച. (മുന്നറിയിപ്പില്ലാത്ത പോയിൻറ് ബ്ലാങ്ക് വെടിയാണ് ഠോ... ഠമാർ... പടാർ) ദിസ് ബോയ്, ഇവന്, മാത്സ് തീരെ പോരാ. ഇവനൊന്നും പഠിക്കുന്നില്ല. തോറ്റുപോകത്തേയുള്ളൂ. മറുപടി നാവിൻ തുമ്പത്തുണ്ട്. അതിലൊരു പങ്കിന് നിൻറെയൊക്കെ ഗുണവതിയാരവും കാരണമാണല്ലോ. പറയാനാവില്ലല്ലോ. ഗുരുശാപമെങ്ങാനും പയ്യൻസ് ഒറ്റയ്ക്ക് പിറ്റേദിവസം ക്ലാസിലിരിക്കുമ്പോൾ ആകാശം പിളർന്നിങ്ങു വന്നാലോ. വരാനുള്ള ശാപം ഏതായാലും വഴിയിൽ തങ്ങില്ലെങ്കിലും മതിലിൽ കയറി, മരത്തിൽ കയറി എത്തിപ്പിടിക്കേണ്ട ബാധ്യതയൊന്നുമില്ലല്ലോ. മിണ്ടിയില്ല.

കണക്കിലെ പ്രോഗ്രസിൻറെ വിവരണപ്പെരുമഴ തോർന്നപ്പോൾ ഇത്രയും മാത്രം ഭവ്യമായി ഉച്ചരിച്ചു പോയി. എന്നാലും

കഴിഞ്ഞ തവണത്തേതിനെക്കാൾ ഇക്കുറി ഇംപ്രൂവ്മെൻറുണ്ടല്ലോ. അവനിനിയും നന്നായിക്കൊള്ളും. ഒടുവിലൊരു ഗുളികൻ പഞ്ച് ലൈനിൻറെ രൂപത്തിൽ നാവിൽ നിന്നു വീണു പോയി. ഇത്രയുമെങ്കിലും മെച്ചപ്പെട്ടതിന് ചെറിയൊരു അഭിനന്ദനം കൊടുത്താലും തെറ്റില്ല. മറുവെടി പൊട്ടിയത് എന്നോടായിരുന്നില്ല, ഒപ്പം വിറ ഒരു ചമ്മിയ ഇളിയിലൊതുക്കി നിന്ന ശിഷ്യനോട്. ഇയാൾ പറഞ്ഞതു കേട്ടല്ലോ, ഞാനായിട്ട് അഭിനന്ദിച്ചില്ലെന്നു വേണ്ട, ഇതാ അഭിനന്ദിച്ചിരിക്കുന്നു. ബഹുമിടുക്കൻ. സന്താപം കൊണ്ടോ സന്തോഷം കൊണ്ടോ എന്തു കൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു എന്ന പരുവത്തിലായി ഞാൻ.

ടീച്ചറിൻറെ വക പഞ്ച് ലൈൻ വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഇത്രയും അഭിനന്ദനം മതിയല്ലോ. ബാക്കിയൊക്കെ ഞാൻ നാളെ നിൻറെ ക്ലാസിൽ വന്നു കഴിയുമ്പോൾ തന്നുകൊള്ളാം. അവർ കായംകുളം കൊച്ചുണ്ണിയുടെ കുടുംബത്തിൽ പിറന്നതാകാനാണ് വഴി. ഇന്നു തൻറെ വീട്ടിൽ കയറുമെന്ന് പറഞ്ഞ് ഭവനഭേദനം നടത്തുന്നത് കൊച്ചുണ്ണിയായിരുന്നല്ലോ. അല്ലെങ്കിൽ മീശമാധവൻറെ വകുപ്പിൽ പെടുന്നവർ. കൊച്ചുണ്ണിയുടെ ഭീഷണിയുടെ ഭയാനകമായ മറ്റൊരു വേർഷനായിരുന്നല്ലോ മാധവൻ പുറകുവശം തിരിഞ്ഞു നിന്ന് കാണിച്ചിരുന്നത്. ഏതായാലും അടുത്ത ദിവസം പയ്യൻറെ കാര്യം കുശാൽ. സംശയം വേണ്ട. നാളെയും മറ്റന്നാളും എന്തോ സ്പോർട്സ് കോംപറ്റീഷനായതു കൊണ്ട് അടിവരുന്നത് ഇരുകരം നീട്ടി വാങ്ങാൻ അവനു രണ്ടു നാൾ കൂടി കാത്തിരിക്കേണ്ടി വരും. അതു വരെ ടെൻഷനടിച്ചിരിക്കുന്നത് കുറേയേറെ വർഷം കഴിയുമ്പോൾ അവനും ഓർത്തു ചിരിക്കാൻ ഒരു വകയായി മാറുമെന്നുറപ്പ്.